# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.517 24-01-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.യു.ആർ. പ്രദീപ്

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>നോട്ടുനിരോധനം</u>**

| | | |
|---|---|---|
| (എ) | നോട്ടു നിരോധനം നടപ്പിലാക്കിയതുമൂലം 2017 വർഷത്തിൽ സാമ്പത്തിക മാന്ദ്യം അനുഭവപ്പെട്ടതിലൂടെ സംസ്ഥാനത്തെ റവന്യു വരുമാനത്തിൽ എത്ര ശതമാനം കുറവു വന്നിട്ടുണ്ടാകും എന്നാണ് കണക്കാക്കിയിട്ടുള്ളത് ; | നോട്ടു നിരോധനം സംസ്ഥാനത്തിന്റെ റവന്യു വരുമാനത്തിൽ എത്രത്തോളം പ്രതികൂലമായി ബാധിച്ചുവെന്ന കൃത്യമായ കണക്കുകൾ ലഭ്യമല്ല. എന്നിരുന്നാലും 2016-17 ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ തനതുനികുതി വരുമാനമായി പ്രതീക്ഷിച്ചിരുന്നത് 47,613.61 കോടി രൂപയായിരുന്നു. എന്നാൽ 42,176.43 കോടി രൂപ മാത്രമാണ് ഈ ഇനത്തിൽ സർക്കാരിന് ലഭിച്ചത്. |
| (ബി) | ജി.എസ്.ടി നടപ്പിലാക്കിയതു വഴി ലഭ്യമാകും എന്നു പ്രതീക്ഷിച്ച റവന്യു വരുമാനത്തിൽ എത്ര ശതമാനം കുറവുവന്നു എന്നാണ് കണക്കാക്കി യിട്ടുള്ളത് ; | കോമ്പൻസേഷൻ നിയമപ്രകാരമുള്ള നഷ്ട പരിഹാരംകൂടി കണക്കാക്കുമ്പോൾ ജി.എസ്.ടി. വരുമാനം 14% വർദ്ധനവ് രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ജി.എസ്.ടി.യിൽ നിന്നും സംസ്ഥാനം പ്രതീക്ഷിച്ച വരുമാനത്തേക്കാൾ കുറവു ണ്ടായിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ജൂലൈ 31 വരെയുള്ള കാലയളവിൽ വില്പന നികുതി (മൂല്യ വർദ്ധിത നികുതി അടക്കം) മുൻവർഷ ത്തെക്കാൾ 6.36% വളർച്ച രേഖപ്പെടു ത്തിയപ്പോൾ ചരക്കുസേവന നികുതി പ്രാബല്യത്തിൽ വന്നതിനുശേഷമുള്ള 2017 ആഗസ്റ്റ് മുതൽ നവംബർ 30 വരെയുള്ള കാലയളവിൽ വളർച്ച (വില്പന നികുതി + ചരക്കുസേവന നികുതി) 1.33% ആയി ഇടിയുകയുണ്ടായി. 2016-17-ൽ ആയത് യഥാക്രമം 7.04% വും 13.13 % വും ആയിരുന്നു. 2017-18-ൽ 20% വളർച്ച പ്രതീക്ഷിച്ചിരുന്ന വില്പന നികുതി (വാറ്റ്/ ജിഎസ്ടി സഹിതം) 2017 നവംബർ 30 വരെ കുറിച്ചിരിക്കുന്ന വർദ്ധനവ് 3.65% മാത്രമാണ്. 2016-17-ൽ ഇത് 10.24% ആയിരുന്നു. അതേസമയം പ്രസ്തുത നികുതി കഴിച്ചുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ടി കാലയളവിൽ 11.42% വർദ്ധനവ് കൈവരിക്കുകയുണ്ടായി. ധന അച്ചടക്കം പാലിച്ചും വരുമാന വർദ്ധനവ് കൈവരിച്ചും ഈ കുറവ് പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. |
| (സി) | റവന്യുവരുമാനത്തിൽ ഉണ്ടായ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി കളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ